# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

**Web Edition Only** 2007 ഡിസംബർ 20

## വിദേശിയെ വാഴിക്കൽ പ്രശ്നം വഷളാക്കിയത് യു. ഡി. എഫ്. നേതാക്കളെന്ന് മെത്രാപ്പോലീത്താ

കൊച്ചി: ചില യു. ഡി. എഫ്. നേതാക്കൾക്ക് തങ്ങളോടുള്ള എതിർപ്പാണ് ഇപ്പോഴത്തെ വിദേശികളെ വാഴിക്കൽ പ്രശ്നം കുത്തിപ്പൊക്കുന്നതിന്റെ പിന്നിലെന്ന് ഓർത്തഡോക്സ് സഭ തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ.

സഭാംഗവും കേരള കോൺഗ്രസ് (എം) എം. എൽ. എ. യുമായ ജോസഫ് എം. പുതുശേരിയും പാമ്പാടി ദയറാധിപൻ യോഹന്നാൻ റമ്പാനുമാണ് പ്രശ്നം വഷളാക്കിയതെന്നും അദ്ദേഹം വ്യക്തമാക്കി. മുൻ വിരോധം വച്ച് ഇപ്പോഴും അവർ യാക്കോബായ സഭ വിട്ടുവന്ന തങ്ങൾക്കെതിരെ പ്രവർത്തിക്കുകയാണ്.

സമീപകാലത്ത് മാർ മിലിത്തിയോസും കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസ്യോസും ചേർന്ന് ജർമ്മൻ സ്വദേശിയായ വൈദികനെ മെത്രാനായി വാഴിച്ച സംഭവം ഓർത്തഡോക്സ് സഭയിൽ വിവാദത്തിനു തിരികൊളുത്തിയിരുന്നു.

കമ്യൂണിസ്റ്റ് അനുഭാവികൾ എന്നു പ്രചരിപ്പിച്ചുകൊണ്ടാണു തങ്ങൾക്കെതിരേ വികാരം ഇളക്കിവിടുന്നത്. തങ്ങൾക്ക് അന്ധമായ യു. ഡി. എഫ്. വിരോധമോ എൽ. ഡി. എഫ്. സ്നേഹമോ ഇല്ല. ഉമ്മൻചാണ്ടിക്ക് തന്നോട് എതിർപ്പുണ്ടെങ്കിലും മറ്റു നേതാക്കളുമായി അടുപ്പമുണ്ടെന്ന് മാർ മിലിത്തിയോസ് ചൂണ്ടിക്കാട്ടി. ഇപ്പോഴത്തെ വിവാദത്തിനു പിന്നിൽ രാഷ്ട്രീയ നിറമുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്.

ഓർത്തഡോക്സ് സഭയിലെത്തിയ നാൾ മുതൽ ചിലർ എതിർപ്പു കാണിക്കുന്നതാണ്. മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലത്ത് അദ്ദേഹം എല്ലാ സഹായവും ചെയ്തിരുന്നു. തെക്കുള്ള പള്ളികളിൽ തങ്ങളെ ക്ഷണിക്കുന്നതും അൽമായവേദിയും യുവജനപ്രസ്ഥാനവും തങ്ങളുടെ പിന്നിൽ ഉറച്ചു നിൽക്കുന്നതും അവർക്ക് അസഹിഷ്ണുതയുണ്ടാക്കി - മെത്രാപ്പോലീത്താ വിശദീകരിച്ചു.

(മംഗളം ഡിസംബർ 19, 2007)

## വാർത്ത അറിഞ്ഞിട്ടില്ല: മാർ മിലിത്തിയോസ്

കോട്ടയം: തന്റെ പേരിൽ ഡിസംബർ 19-നു മംഗളം ദിനപത്രത്തിൽ വന്ന പ്രസ്താവനയെപ്പറ്റി തനിക്ക് യാതൊരു അറിവുമില്ലെന്ന് യൂഹാനോൻ മാർ മിലിത്തോസ്. യുവജനപ്രസ്ഥാനം ഗൾഫ് മേഖലാ കോൺഫ്രൻസിൽ പങ്കെടുത്തുകൊണ്ട് ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായോടൊപ്പം ഡിസംബർ 16 മുതൽ താൻ ബഹറിനിലാണ്. ഒരു മാധ്യമത്തിനും ഒരു പ്രസ്താവനയും നൽകിയിട്ടില്ലെന്നും തന്നെയാരും ഫോണിൽ ബന്ധപ്പെട്ടിട്ടില്ലെന്നും മാർ മിലിത്തോസ് 'അൽമായവേദി'യോടു പറഞ്ഞു. വാർത്ത വന്നതിനുശേഷവും അതിന്റെ നിജസ്ഥിതി അറിയാൻ ആരും തന്നെ ബന്ധപ്പെട്ടിട്ടില്ലെന്നും അദ്ദേഹം തുടർന്നുപറഞ്ഞു. ഡിസംബർ 6-ലെ സുന്നഹദോസ് തീരുമാനത്തോടെ ഇതൊരു അടഞ്ഞ അദ്ധ്യായമാണെന്നും അദ്ദേഹം പറഞ്ഞു.

## വിശദീകരണം തൃപ്തികരമെന്ന് സുന്നഹദോസ്

## രണ്ടു വിദേശികളെക്കൂടി വാഴിക്കാൻ നീക്കം; 'ഇന്ത്യൻ സിംഹാസന'ത്തിനു സാധ്യതയേറുന്നു

കൊച്ചി: മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്താമാർ ചേർന്നു വിദേശികളായ രണ്ടു റമ്പാന്മാരെക്കൂടി



ഡോ. തോമസ് മാർ അത്താനാസ്യോസ്



യൂഹാനോൻ മാർ മിലിത്തോസ്

ബിഷപ്പുമാരായി വാഴിക്കാൻ നീക്കം. കണ്ടനാട് ഈസ്റ്റ് മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസ്യോസ്, തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർ ചേർന്നു നേരത്തെ ജർമ്മൻകാരനായ റമ്പാനെ ബിഷപ്പായി വാഴിച്ചിരുന്നു. ഇദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരാണ് രണ്ട് റമ്പാന്മാർ. വാഴിക്കുന്നതിന് സഭയുടെ ഔദ്യോഗിക അംഗീകാരമില്ലെങ്കിലും സ്വന്തം നിലയിൽ മുന്നോട്ടു പോകാനാണ് മെത്രാന്മാരുടെ തീരുമാനം. യാക്കോബായ സഭ വിട്ട് ഓർത്തഡോക്സ് സഭയിൽ ചേർന്ന ഇവരുടെ നീക്കത്തിന് ഏതാനും മെത്രാന്മാരുടെ പിന്തുണയുണ്ട്. പുതിയ മൂന്നു പേർ കൂടിയാവുമ്പോൾ ഇവരോടൊപ്പം ആറു ബിഷപ്പുമാർ ഉണ്ടാകും.

വാഴ്ച നടത്തിയതിനു നടപടിയെടുക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ടെങ്കിലും ഇന്നലെചേർന്ന സുന്നഹദോസിൽ ഇവർക്കെതിരേ നടപടിയൊന്നുമുണ്ടായില്ല. യോഗത്തിൽ പങ്കെടുത്ത മാർ അത്താനാസ്യോസും മാർ മിലിത്തിയോസും വാഴ്ചയെക്കുറിച്ച് വിശദീകരിച്ചു.

വിശദീകരണം തൃപ്തികരമാണെന്നാണു സുന്നഹദോസ് അഭിപ്രായപ്പെട്ടത്. മുംബൈ ഭദ്രാസനാധിപൻ മാർ കൂറിലോസ് മെത്രാന്മാരുടെ നടപടിയെ ചോദ്യം ചെയ്തെങ്കിലും ഫലം കണ്ടില്ല. നേരത്തെ അറിയിച്ചിട്ടാണ് മെത്രാൻ വാഴ്ച നടത്തിയതെന്ന് മെത്രാന്മാർ വിശദീകരിച്ചു. വാഴ്ച മലങ്കരസഭയെ യാതൊരുവിധത്തിലും ബാധിക്കില്ലെന്നും സഭയുടെ ആഭ്യന്തരകാര്യമല്ലെന്നുമുള്ള വിശദീകരണം അംഗീകരിക്കാമെന്നായിരുന്നു സിനഡ് തീരുമാനം. വിദേശിയെ വാഴിച്ചതു ഓർത്തഡോക്സ് നേതൃത്വത്തിന്റെ മൗനാനുവാദത്തോടെയാണെന്ന ധാരണ പാത്രിയർക്കീസ് വിഭാഗത്തിനിടയിലുണ്ട്. ഓർത്തഡോക്സ് വിഭാഗം 'ഇന്ത്യൻ ഓർത്തഡോക്സ് സഭ' എന്നു പേരു മാറ്റാൻ നടത്തുന്ന നീക്കത്തിന്റെ ഭാഗമായാണ് ഈ വാഴ്ചയെന്നും ഇവർ സംശയിക്കുന്നു. 'ഇന്ത്യൻ പാത്രിയർക്കേറ്റ്' എന്ന പേരിൽ പുതിയ സിംഹാസനം സ്ഥാപിക്കാനും ചിലർ ശ്രമം നടത്തുന്നുണ്ട്. പുതുതായി രൂപീകരിച്ച സിറിയൻ ഓർത്തഡോക്സ് ആർച്ച് ഡയോസിസ് ഓഫ് യൂറോപ്പ് എന്ന സഭാവിഭാഗത്തെയും ഇന്ത്യൻ പാത്രിയർക്കേറ്റിൽ ഉൾപ്പെടുത്താണ് നീക്കം.

ഇതിന്റെ 'ടെസ്റ്റ് ഡോസ്' എന്ന നിലയിലാണ് ഓർത്തഡോക്സ് വിഭാഗത്തിലെ ചിലർ ഈ മെത്രാൻവാഴ്ചയെ കാണുന്നത്. രണ്ടു റമ്പാന്മാർ കൂടി ബിഷപ്പുമാരാകുമ്പോൾ യൂറോപ്പ് ആർച്ച് ഡയോസിസിൽ മൂന്നു ബിഷപ്പുമാരുണ്ടാകും.

ഇവരും യാക്കോബായ വിഭാഗം വിട്ടുവന്ന മൂന്നു ബിഷപ്പുമാരും ചേർന്ന് ഇന്ത്യൻ ഓർത്തഡോക്സ് സഭ സ്ഥാപിക്കാനുള്ള നീക്കത്തെയും എതിർവിഭാഗം തള്ളിക്കളയുന്നില്ല. പാത്രിയർക്കീസ് പക്ഷത്തെ വെട്ടിലാക്കാനുള്ള ശ്രമത്തെ പരോക്ഷമായി പിന്തുണയ്ക്കണമെന്നു വാദിക്കുന്നവർ ഓർത്തഡോക്സ് സഭയിലുണ്ട്.

രണ്ടു റമ്പാന്മാരെ ജർമനിയിൽ വച്ച് വാഴിക്കാനാണു നീക്കം. സിനഡിന്റെ മൗനാനുമതി കൂടിയായതോടെ വാഴ്ച വൈകാതെ ഉണ്ടാകുമെന്നാണ് കരുതുന്നത്. ജർമ്മൻ സ്വദേശിയായ മൂസാ ഗുർഗാൻ റമ്പാനെ മാർ സേവേറിയോസ് എന്ന പേരിൽ കേരളത്തിൽ വച്ച് വാഴിച്ചത് വിവാദം ഉണ്ടാക്കിയിരുന്നു.

**(മംഗളം, ഡിസംബർ 7, 2007)**



**ഗീവർഗീസ് മാർ ഈവാനിയോസ്**

## അടൂരിൽ രഹസ്യയോഗം: സഭയെ രാഷ്ട്രീയവൽക്കരിക്കുന്നു

അടൂർ: മലങ്കരസഭയെ യു. ഡി. എഫ്. ൽ നിന്നും അകറ്റുകയും എൽ. ഡി. എഫ്. പാളയത്തിലേയ്ക്കു അടിപ്പിക്കുകയും ചെയ്യുന്ന ചുവന്ന ബിഷപ്പുമാരുടെ പേരിൽ നടപടിയെടുക്കണമെന്ന ആവശ്യവുമായി ഏതാനും മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ഡിസംബർ 18-നു രഹസ്യയോഗം ചേർന്നു. തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസിനോട് രാഷ്ട്രീയ വിരോധം പുലർത്തുന്ന ഒരു രാഷ്ട്രീയ നേതാവിനോട് ഏറ്റവും അടുത്ത ഏതാനും മാനേജിംഗ് കമ്മറ്റിയംഗങ്ങളാണ് ഈ നീക്കത്തിനു ചുക്കാൻ പിടിക്കുന്നത്.

പ. സുന്നഹദോസ് അംഗീകരിച്ച വിദേശ മെത്രാന്റെ വാഴ്ച അച്ചടക്ക ലംഘനമാണെന്നും അവരുടെ പേരിൽ നടപടിയെടുക്കണമെന്നും, അതിനായി അടുത്ത മാനേജിംഗ് കമ്മറ്റിയിൽ പ്രമേയം കൊണ്ടുവരണമെന്നും ഇവർ യോഗത്തിൽ വാദിച്ചു. എന്നാൽ മെത്രാന്മാരുടെ പേരിൽ നടപടിയ്ക്കു ശുപാർശ ചെയ്യാൻ മാനേജിംഗ് കമ്മറ്റിക്ക് അധികാരമില്ലെന്ന് ചില മുതിർന്ന അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. അതോടെ പ്രമേയം വേണ്ടെന്നും എന്നാൽ ബഹളമുണ്ടാക്കുവാനും തീരുമാനിച്ചു.

എന്നാൽ ഈ തീരുമാനത്തിനു പിന്നിൽ രാഷ്ട്രീയ പകപോക്കലാണെന്ന് ചില കേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഒരു രാഷ്ട്രീയനേതാവിനോടടുത്ത ചില മാനേജിംഗ് കമ്മറ്റി മെമ്പർമാരുടെ പ്രകടനമായിരുന്നു അടൂരിൽ നടന്നത്. ഭരണഘടനപ്രകാരം സുന്നഹദോസ് അംഗീകരിച്ച ആത്മീയ വിഷയമായ, മലങ്കരസഭയെ ഭരണപരമായി ബാധിക്കാത്ത മേല്പട്ടവാഴ്ചയെ ചോദ്യം ചെയ്യാൻ മാനേജിംഗ് കമ്മറ്റിക്ക് അധികാരമില്ല എന്ന വസ്തുത അറിയാതെയല്ല ഇവർ ഈ നീക്കം നടത്തുന്നതെന്നും ഈ പേരിൽ രാഷ്ട്രീയ പകപോക്കൽ നടത്തുകയാണെന്നും അവർ കുറ്റപ്പെടുത്തുന്നു.

മെത്രാന്മാരോട് രാഷ്ട്രീയ വിരോധം വെച്ചുപുലർത്താത്ത യു. ഡി. എഫ്. അനുഭാവികളായ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ വിദ്യാഭ്യാസ പരിഷ്കാരം മുതലായ എൽ. ഡി. എഫ്. നിലപാടുകളിൽ സഭയുടെ നിലപാടു തിരുത്താനാണ് എന്നു തെറ്റിദ്ധരിപ്പിച്ചാണ് യോഗത്തിനെത്തിച്ചതെന്നും അരോപണമുണ്ട്.

മാനേജിംഗ് കമ്മറ്റി അംഗങ്ങളും ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട പ്രഗൽഭരും പ്രശസ്തരുമായ ഇ. ജോൺ ജേക്കബ്, സി. എം. സ്റ്റീഫൻ, ജോസഫ് എം. പുതുശ്ശേരി, തോമസ് കുതിരവട്ടം തുടങ്ങിയവർ സഭയും രാഷ്ട്രീയവുമായി കൂട്ടിക്കുഴച്ചിട്ടില്ലെന്നും സഭയെ രാഷ്ട്രീയവൽക്കരിക്കാനുള്ള ഇപ്പോ

ഴത്തെ നടപടി തികച്ചും നിന്ദ്യമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

യോഗത്തിനെത്തിയ മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ പലരും തെറ്റിദ്ധാരണയുടെ പുറത്താണ് യോഗത്തിനെത്തിയത്. മെത്രാൻ തിരഞ്ഞെടുപ്പിനുള്ള നടപടിച്ചട്ടങ്ങളിലെ അപാകതകളെപ്പറ്റി ചർച്ച ചെയ്യാനെന്ന വ്യാജേനയാണ് യോഗം വിളിച്ചുകൂട്ടിയതെന്ന് പങ്കെടുത്ത അംഗങ്ങളിൽ ചിലർ പറഞ്ഞു.

## മാർ ഈവാനിയോസിന്റെ പേരിലും നടപടി?

അടൂർ: ഡോ. തോമസ് മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവരെ ഡിസംബർ 6-ലെ സുന്നഹദോസിൽ പിന്തുണച്ചതിന്റെ പേരിൽ മാർ ഈവാനിയോസിന്റെ പേരിൽ അച്ചടക്കനടപടി എടുക്കണമെന്ന് അടൂർ യോഗത്തിൽ ആവശ്യം.

കോട്ടയത്തു നിന്നുള്ള ഒരു കന്നി മാനേജിംഗ് കമ്മറ്റിയംഗമാണ് ഈ ആവശ്യം ഉന്നയിച്ചത്. എന്നാൽ വിവാദങ്ങളിൽ ഉൾപ്പെടാത്ത മാർ ഈവാനിയോസിനെ പ്രശ്നത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്നതു തിരിച്ചടി ഉണ്ടാക്കുമെന്നു ചില സീനിയർ അംഗങ്ങൾ ചൂണ്ടിക്കാട്ടിയെങ്കിലും ഈ അംഗം അടങ്ങാൻ തയാറായില്ല.

ഡിസംബർ 6-ലെ സുന്നഹദോസിനുശേഷം മാനേജിംഗ് കമ്മറ്റിയംഗങ്ങളെ ഫോണിൽ വിളിച്ചു മെത്രാന്മാരുടെ പേരിൽ മാനേജിംഗ് കമ്മറ്റി നടപടിയെടുക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ട ഈ കന്നിയംഗം അടുത്ത തവണ അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേയ്ക്കു മത്സരിക്കാൻ തയ്യാറെടുക്കുകയാണെന്നു പറയപ്പെടുന്നു.

ഇതിനിടെ, പ. സുന്നഹദോസിൽ ഇവരെ പിന്തുണച്ചതിന് മാർ ഈവാനിയോസ് പണം വാങ്ങിയെന്ന് ഉചാമറ യോടടുത്ത ചില വൈദികർ പ്രചരിപ്പിക്കുന്നുണ്ട്. മാർ ഈവാനിയോസിനെ അറിയാവുന്ന കോട്ടയം ഭദ്രാസനത്തിലെ വൈദികരും ഭൂരിപക്ഷം ജനങ്ങളും, തികച്ചും അസത്യമായ ഈ പ്രചരണത്തിൽ കടുത്ത അമർഷത്തിലാണ്.

## വ്യാജവാർത്തകൾ വീണ്ടും

കോട്ടയം: യാക്കോബായ വിഭാഗത്തിൽ നിന്നും ഓർത്തഡോക്സ് സഭയിൽ പുനരൈക്യപ്പെട്ട ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നിവർക്കെതിരെ പ്രസ്താവനകളുമായി ചില മാനേജിംഗ് കമ്മറ്റി അംഗങ്ങൾ രംഗത്തെത്തി. ഈ പ്രസ്താവനയിൽ ഒപ്പുവെച്ചവരിൽ ഭൂരിപക്ഷവും അടൂർ യോഗത്തിൽ പങ്കെടുത്തവരാണ്. ഇതോടെ മലങ്കരസഭയെ രാഷ്ട്രീയവൽക്കരിക്കാനുള്ള ഗൂഢശ്രമം മറനീക്കി പുറത്തുവന്നു.

ഡിസംബർ 6–7 തീയതികളിൽ ചില മാധ്യമങ്ങളിൽ വന്ന വ്യാജവാർത്തകൾ ഒരു ഗൂഢാലോചനയുടെ ഫലമാണെന്ന് 'അൽമായവേദി' നേരത്തെ റിപ്പോർട്ടു ചെയ്തിരുന്നു. ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവർ നിഷേധനകുറിപ്പു നൽകുകയും സഭാകേന്ദ്രം ശക്തമായി ഇടപെടുകയും ചെയ്തതോടെ ഈ വ്യാജവാർത്ത പ്രളയം അവസാനിച്ചതായിരുന്നു.

എന്നാൽ 12 ദിവസത്തെ ഇടവേളയ്ക്കുശേഷം യാതൊരു പ്രകോപനവുമില്ലാതെയാണ് ഇന്നു വീണ്ടും വാർത്ത പ്രത്യക്ഷപ്പെട്ടത്. അതോടെ യുദ്ധം വീണ്ടും ആരംഭിക്കുമെന്നാണ് സൂചന. സഭാപരമായ പ്രശ്നങ്ങളെക്കാൾ രാഷ്ട്രീയ നിറമാണ് പുതിയ പ്രസ്താവനകൾക്കു പിന്നിലെന്നാണ് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത്. വലതുപക്ഷ-ഇടതുപക്ഷ രാഷ്ട്രീയ സമവാക്യത്തേക്കാൾ കോൺഗ്രസിനുള്ളിലെ പടലപിണക്കങ്ങളും ഇതിനു പിന്നിലുള്ളതായി പറയപ്പെടുന്നു.

## ലജ്ജാവഹം: അൽമായവേദി

കോട്ടയം: മലങ്കരസഭയുടെ ഭരണഘടനയും കാനോനും അറിയാൻ വയ്യാത്ത മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നടത്തുന്ന പ്രസ്താവനകൾ ലജ്ജാവഹമാണെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി കുറ്റപ്പെടുത്തി. ഇന്ന് ചില പത്രങ്ങളിൽ വന്ന വാർത്തയോടു പ്രതികരിക്കുകയായിരുന്നു അൽമായവേദി സെക്രട്ടറിയേറ്റ്.

വിദേശ മെത്രാനെ വാഴിച്ച സംഭവം സുന്നഹദോസിന്റെ അധികാര പരിധിയിൽ പെടുന്ന കാര്യമാണ്. മലങ്കരസഭയുടെ ആഭ്യന്തര ഭരണവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ അതിൽ മാനേജിംഗ് കമ്മറ്റിക്കു പങ്കൊന്നുമില്ല. മെത്രാന്മാരുടെ പേരിൽ പരാതിയുണ്ടെങ്കിൽ ഭരണഘടനപ്രകാരം അതു പരിഗണിക്കേണ്ടത് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസാണ്. അപ്രകാരം നിയമാനുസൃതരീതിയിൽ നീങ്ങുന്നതിനു പകരം വിലകുറഞ്ഞ പത്ര പ്രസ്താവനകൾ നടത്തുന്നത് അജ്ഞതയാണോ അഹങ്കാരമാണോയെന്ന് വ്യക്തമാക്കണമെന്നും സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

ഡിസംബർ 6-ലെ സുന്നഹദോസ് തീരുമാനത്തോടെ അവസാനിച്ച ഒരു വിവാദം വീണ്ടും കുത്തിപ്പൊക്കി രാഷ്ട്രീയ മുതലെടുപ്പു നടത്തുന്നതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

## സർക്കുലർ വ്യാജമെന്ന്!

കോട്ടയം: ഇന്നത്തെ വ്യാജ വാർത്തയ്ക്കു പിന്നിലെ സർക്കുലറും വ്യാജനെന്ന് ആരോപണം ഉയർന്നതോടെ ഗൂഢാലോചനയുടെ ഗൗരവം വർദ്ധിച്ചു. സുന്നഹദോസിൽ നിന്നും വർക്കിംഗ് കമ്മറ്റിയിലേയ്ക്കു നൽകിയ വിശദീകരണകുറിപ്പിനെ അവലംബിച്ചാണ് ഇന്നത്തെ വാർത്ത രൂപപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത്തരമൊരു കുറിപ്പ് ഒരാഴ്ചയായി കോട്ടയത്തെ പല സഭാസ്ഥാനികളുടെ കയ്യിലും എത്തിയിരുന്നു. വാലും തലയും പിതൃത്വവുമില്ലാത്ത ഈ കുറിപ്പ് രഹസ്യമായി പ്രചരിപ്പിക്കുന്നതു പരാജയപ്പെട്ടതാണ് പത്രവാർത്തയ്ക്കു കാരണമായതെന്നും പറയപ്പെടുന്നു.

സുന്നഹദോസ് സെക്രട്ടറി, വർക്കിംഗ് കമ്മറ്റി അംഗങ്ങൾക്കു നൽകിയതായി പറയപ്പെടുന്ന ഈ രേഖ വെള്ളക്കടലാസിലാണ്. ലെറ്റർപാഡോ, സംബോധനയോ, സെക്രട്ടറിയുടെ ഒപ്പോ ഇതിലില്ല. സഭയുടെ അത്യുന്നത സമിതികളിൽ ഒന്ന് മറ്റൊന്നിനു നൽകുന്ന രേഖ ഇപ്രകാരം വെള്ളക്കടലാസിൽ നൽകുക എന്നത് അസാദ്ധ്യമാണ്. അതിനാലാണ് ഇതും വ്യാജനാണെന്ന് സംശയമുണർന്നിരിക്കുന്നത്.

ഇതു യാഥാർത്ഥ്യമാണെങ്കിൽ സുന്നഹദോസ്/വർക്കിംഗ് കമ്മറ്റി രേഖകൾ അതീവ രഹസ്യസ്വഭാവമുള്ളതായതിനാൽ ഇവ ചോർത്തിയതാരെന്നു കണ്ടെത്തേണ്ടിയിരിക്കുന്നു. സുന്നഹദോസ് നിശ്ചയത്തിനു വിരുദ്ധമായ ഒരു വിശദീകരണം വർക്കിംഗ് കമ്മറ്റിക്കു നൽകിയതിന്റെ ഉത്തരവാദി ആരെന്ന ചോദ്യവും ഉയരുന്നു.

## സഭായോജിപ്പിനുള്ള മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നത് ലളിതം

പുതുപ്പള്ളി: സഭായോജിപ്പിനുള്ള മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നത് ലളിതവും വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നത് അപ്രായോഗികവുമാണെന്ന് ഡോ. തോമസ് മാർ അത്താനാസ്യോസ് പ്രസ്താവിച്ചു. പുതുപ്പള്ളി പള്ളിയിൽ നടന്ന സഭാ

സമാധാനത്തെക്കുറിച്ചുള്ള ചർച്ചയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഉദാഹരണമായി അദ്ദേഹം പുതുപ്പള്ളിപ്പള്ളിയെത്തന്നെ ചൂണ്ടിക്കാട്ടി. കേസ് നടക്കുന്ന കാലത്ത് വിഭജിച്ചു പിരിയാൻ വർഷങ്ങളോളം ശ്രമിച്ചെങ്കിലും അത് ഫലവത്തായില്ല. എന്നാൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ പള്ളിയിൽ യോജിപ്പുണ്ടായപ്പോൾ ഒരു വളരെ ചെറിയ ന്യൂനപക്ഷം ഒഴികെ ബാക്കിയുള്ളവർ ഒരുമിച്ചു ചേരുകയും പള്ളി ഇന്ന് ഐശ്വര്യത്തിലേക്ക് കുതിക്കുകയുമാണ്.

കോടതിവിധികളെ ഐക്യത്തിനുള്ള ഒരു മാർഗ്ഗമായി വേണം നാം കാണുവാൻ. പള്ളികൾ പിടിച്ചെടുക്കുക തുടങ്ങിയ പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നതു പോലും ശരിയല്ല. പ്രത്യേക സാഹചര്യങ്ങളിൽ ഭിന്നിച്ചു പോയവരെ ഒരു ഭരണസംവിധാനത്തിൻകീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടെ ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് ചർച്ച ചെയ്താൽ മഞ്ഞുരുകുന്നതുപോലെ പ്രശ്നങ്ങൾ ഉരുകി മായുമെന്നും അതിനായി ഇത്തരം കൂട്ടായ്മകൾ സഹായിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുടർന്ന് പ്രസംഗിച്ച ഫാ. ബിജേഷ് ഫിലിപ്പ് പ്രശ്നബാധിതമായ വടക്കൻ ഭദ്രാസനങ്ങളിലെ ഏതാനും വ്യക്തികളെ മാത്രമല്ല വിഭജനം വേദനിപ്പിക്കുന്നതെന്നും മലങ്കരസഭയുടെ മറ്റ് ഭാഗങ്ങളിലുള്ള വ്യക്തികളും അതിൽ ആശങ്കാകുലരാണെന്നും പ്രസ്താവിച്ചു. ഇടതുകൈയിൽ കൊതുകു കടിച്ചാൽ വലതുകൈകൊണ്ട് അതിനെ വെട്ടിമാറ്റുക എന്നുള്ളതല്ല മാർഗ്ഗമെന്നും പകരം കൊതുകിനെ ഓടിച്ച് അവിടം തിരുമ്മിക്കൊടുക്കുക എന്നുള്ളതാണ് അതിനുള്ള ഫലപ്രദമായ പ്രതിവിധിയെന്നും അദ്ദേഹം സഭാവിഭജനവാദത്തെ ഖണ്ഡിച്ചുകൊണ്ട് തുടർന്നു പറഞ്ഞു. ഡോ. എം. പി. മത്തായി, പ്രീത് ചന്ദനപ്പള്ളി, എം. കുര്യൻ തോമസ്, ലെജു പി. തോമസ്, കെ. വി. ഏബ്രഹാം, തോമസ് ചാണ്ടി, ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# രാഷ്ട്രീയ വിരോധത്തിന് അഞ്ചു വയസ്

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: ഇന്നത്തെ മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ പ്രസ്താവനയിലെത്തി നിൽക്കുന്ന രാഷ്ട്രീയ വിരോധത്തിന് അഞ്ചു വയസ്.

2003 ജനുവരി 9-നു യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ മാനേജിംഗ് കമ്മറ്റിയിൽ നടത്തിയ പ്രസംഗത്തിൽ ഉമ്മൻചാണ്ടിയുടെ നിലപാടുകൾ സഭയ്ക്കു ദോഷം ചെയ്യുന്നതായി പരാമർശിച്ചിരുന്നു. ഇതിനെതിരെ 2003 ഫെബ്രുവരി 5-ാം തീയതി മംഗളം ദിനപ്പത്രത്തിൽ പാമ്പാടി പി. സി. യോഹന്നാൻ റമ്പാൻ പേരു വച്ച് ഒരു ലേഖനം പ്രസിദ്ധീകരിച്ചതോടെയാണ് ഈ പ്രശ്നം തെരുവിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെട്ടത്. മാനേജിംഗ് കമ്മറ്റിയിൽ ഒരു മെത്രാപ്പോലീത്ത നടത്തിയ പരാമർശത്തിനെതിരെ പത്രത്തിൽ റമ്പാൻ പരസ്യപ്രസ്താവന നടത്തിയത് അച്ചടക്ക ലംഘനമാണെന്ന ആരോപണമുയർന്നതിനാൽ പി. സി. യോഹന്നാൻ റമ്പാനെ കാലംചെയ്ത പ. മാത്യൂസ് ദ്വിതീയൻ ബാവ ശാസിച്ചതായി അന്നു സംസാരമുണ്ടായിരുന്നു. വിവാദ ലേഖനത്തിന്റെ പൂർണരൂപം അന്യത്ര.



**പി. സി. യോഹന്നാൻ റമ്പാൻ**

# ആന്റണിയും ഉമ്മൻചാണ്ടിയും യോനായുടെ തിമിംഗലവും

ഓർത്തഡോക്സ് സഭയുടെ കോട്ടയം പാമ്പാടി ദയറ മാനേജരും മാനേജിംഗ് കമ്മിറ്റി അംഗവുമായ ആദരണീയനായ പി. സി. യോഹന്നാൻ റമ്പാൻ, യാക്കോബായ സഭയിൽ നിന്ന് കൂറുമാറി ഓർത്തഡോക്സ് സഭയിൽ ചേർന്ന തൃശൂർ ഭദ്രാസനാധിപൻ ആദരണീയനായ യൂഹാനോൻ മാർ മിലിത്തിയോസിന് അയച്ച കത്ത്.

അഭിവന്ദ്യ മിലിത്തിയോസ് തിരുമേനി അറിയുന്നതിന്,

കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിൽ (ജനുവരി 9) തിരുമേനി നടത്തിയ പ്രസംഗത്തിൽ എന്റെ പേരെടുത്തു പരാമർശിക്കുകയുണ്ടായല്ലോ. ശ്രീ. ഉമ്മൻചാണ്ടിയുടെ പ്രവർത്തനങ്ങൾ സമുദായത്തിന് വലിയ ദോഷം ചെയ്യുന്നുവെന്നുള്ള ആരോപണമായിരുന്നല്ലോ തിരുമേനി ഉന്നയിച്ചത്. അതിനു ഞാനും സാക്ഷിയാണെന്നും ഉമ്മൻചാണ്ടിയെ ഞാൻ പിന്തുണയ്ക്കുന്നുവെന്നുമുള്ള അർത്ഥത്തിലാണല്ലോ തിരുമേനി അവിടെ സംസാരിച്ചത്. മാനേജിംഗ് കമ്മറ്റിയിൽ എനിക്കു മറുപടി പറയാൻ അവസരം ലഭിച്ചില്ല. അപ്പോഴത്തെ സാഹചര്യത്തിൽ ഞാനതിനു ശ്രമിച്ചുമില്ല.

തിരുമേനിയുടെ ഇപ്പോഴത്തെ നിലപാടുകളിൽ എനിക്ക് അത്യധികം വിഷമമുണ്ട്. തിരുമേനിയുമായി എനിക്കുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിതു പറയുന്നത്. തിരുമേനിയെ കോട്ടയം ഭാഗത്തു നമ്മുടെ സഭയുടെ പരിപാടികളിലേക്ക് ഞാനാണ് ആദ്യമായി കൊണ്ടുവന്നത്. സഭാഭരണഘടനയുടെ അടിസ്ഥാനത്തിൽ നിലകൊള്ളാൻ തിരുമേനി തീരുമാനിച്ചപ്പോൾ ഈ ഭാഗത്ത് തിരുമേനിക്കു വിശുദ്ധ കുർബാന ചൊല്ലാൻ ഞാൻ അവസരം ഉണ്ടാക്കിയ കാര്യം ഓർക്കുമല്ലോ.

ഇതൊന്നും എന്റെ ഔദാര്യമായി തിരുമേനി കാണേണ്ടതില്ല. ന്യായമായ കാര്യം ചെയ്തു എന്നോർത്താൽ മതി. എന്നാൽ തിരുമേനിയുടെ ഭാഗത്തുനിന്ന് അന്യായമായ നീക്കങ്ങൾ ഉണ്ടാകുന്നത് വളരെ വേദന സൃഷ്ടിക്കുന്നു.

ഉമ്മൻചാണ്ടിയെ കുറ്റപ്പെടുത്തുന്ന തിരുമേനിക്ക് അദ്ദേഹത്തിന്റെ സഹായങ്ങൾ ഒട്ടും ലഭിച്ചിട്ടില്ലെന്നു പറയാൻ കഴിയുമോ? ആരെയും ബോധിപ്പിക്കേണ്ട കാര്യമില്ലെങ്കിലും സത്യം സത്യമായിരിക്കണമല്ലോ.

നമ്മുടെ സ്നേഹബന്ധത്തിന്റെ പേരിലും തിരുമേനിയുടെ പ്രിയങ്കരനായ അനു മുഖാന്തരവും തിരുമേനിയുടെ ഭദ്രാസനത്തിലെ പല പള്ളികൾക്കും ഉമ്മൻചാണ്ടിയുടെ സഹായങ്ങൾ ലഭിച്ചില്ലേ? അത് തിരുമേനിക്കും ബോദ്ധ്യമുള്ള കാര്യമാണ്.

വെള്ളിക്കുളങ്ങര പള്ളിയിൽ ദീവന്നാസ്യോസ് തിരുമേനി കയറി ഉപവാസം തുടങ്ങിയപ്പോൾ തിരുമേനി പറഞ്ഞതനുസരിച്ച് ഞാൻ ഉമ്മൻചാണ്ടിയെ വിളിച്ചു പറയുകയുണ്ടായല്ലോ. തുടർന്ന് ഉമ്മൻചാണ്ടിയും തിരുമേനിയും തമ്മിൽ സംസാരിക്കുകയും ചെയ്തു. തിരുമേനിയുടെ പക്ഷത്താണ് നീതിയെന്നും സ്റ്റാറ്റസ്കോ അതിലംഘിച്ചു കയറിയവരാണ് പള്ളിയിൽ നിന്നും ഇറങ്ങിപ്പോകേണ്ടതെന്നും ഉമ്മൻചാണ്ടി മുഖ്യമന്ത്രിയെ അറിയിക്കുകയും ചെയ്തു.

മുഖ്യമന്ത്രി കോഴിക്കോട്ടിനു പോകുന്ന വഴി തൃശൂർ ഇറങ്ങി ബന്ധപ്പെട്ടവരെ കണ്ട് ഈ പ്രശ്നം ചർച്ച ചെയ്തു. കലക്ടർ സത്യസന്ധമായ റിപ്പോർട്ടാണ് നല്കിയത്. ഉമ്മൻചാണ്ടി പറഞ്ഞതും കലക്ടറുടെ റിപ്പോർട്ടും ഒരുപോലെ ആയിരുന്നതിനാൽ പാത്രിയർക്കീസുകാരെ പള്ളിയിൽ നിന്നും ഇറക്കാമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയോട് പറയുകയും ചെയ്തു. എന്നാൽ അല്പം സാവകാശം വേണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. പക്ഷേ അതനുസരിച്ച് കാര്യങ്ങൾ നടന്നില്ല എന്നുള്ളത് സത്യം.

വെള്ളിക്കുളങ്ങര പള്ളിയുടെ കാര്യത്തിൽ ഗവൺമെന്റ് ഓർത്തഡോക്സ് സഭയോട് ഉറപ്പ് പാലിച്ചില്ല എന്ന കാരണത്താലാണ് പിന്നീട് മുഖ്യമന്ത്രി വിളിച്ച സഭാപ്രശ്ന ചർച്ചകളിൽ ഉമ്മൻചാണ്ടി പങ്കെടുക്കാതിരുന്നത്. ഈ സന്ദർഭത്തിലാണ് പരിശുദ്ധ ബാവാ തിരുമേനിയും മറ്റു തിരുമേനിമാരും കൂടി കെ. എം. മാണിയുടെ വസതിയിൽ വച്ച് ചർച്ചകൾ നടത്തുന്നത്. അന്നുതന്നെ ബാവാ തിരുമേനി മുഖ്യമന്ത്രിയെ കാണാൻ പോയി. ഈ കൂട്ടത്തിൽ തിരുമേനിയും പോയല്ലോ.

മുഖ്യമന്ത്രിയെ കാണുമ്പോൾ ബാവാതിരുമേനി പറയേണ്ട വാചകങ്ങൾ കൂടി ഉമ്മൻചാണ്ടി പറഞ്ഞിരുന്നില്ലേ? ഇക്കാര്യം ബാവായുടെ സെക്രട്ടറി സാം കുട്ടമ്പേരൂർ അച്ചനോടു പറഞ്ഞിട്ടുള്ളതാണ്. ആ വാചകം ഞാൻ മറന്നിട്ടില്ല: “ഉമ്മൻചാണ്ടി ഞങ്ങളോട് വാക്കു വ്യത്യാസം കാണിച്ചു; തൃശൂരെ മൂന്നു പള്ളികൾ തുറന്നു തന്നില്ല; ഇതൊരു വൻ ചതിവായിരുന്നു” എന്നു മുഖ്യമന്ത്രിയോട് പറയണമെന്നാണ് അറിയിച്ചിരുന്നത്.

എന്നാൽ മുഖ്യമന്ത്രിയെ കണ്ടപ്പോൾ മിലിത്തോസ് തിരുമേനി ഇതെല്ലാം മറന്ന് ആന്റണിക്കു നന്ദി പറയുകയാണുണ്ടായത്. കൂടാതെ “മുഖ്യമന്ത്രി തൃശൂർ വന്നുപോയശേഷം അവിടെ ഒരു പള്ളിയിലും പ്രശ്നമില്ല, സഹായിച്ചതിനു നന്ദി” എന്നു പറയുക കൂടിച്ചെയ്തു.

നിങ്ങൾ മടങ്ങിയശേഷം ഉമ്മൻചാണ്ടി, മന്ത്രി ശങ്കരനാരായണൻ, കെ. പി. സി. സി. പ്രസിഡന്റ് എന്നിവർ മുഖ്യമന്ത്രിയെ കാണുവാൻ ചെന്നപ്പോൾ മുഖ്യമന്ത്രി അവരോട് പറഞ്ഞത്, “ഉമ്മൻചാണ്ടി, പറഞ്ഞപോലെ ഒന്നും അല്ല, ആ തിരുമേനി എന്നെ നന്ദി അറിയിച്ചു” എന്നാണ്. അപ്പോൾ തന്നെ ഈ വിവരം ഉമ്മൻചാണ്ടി എന്നെ വിളിച്ചു പറഞ്ഞു. അതേത്തുടർന്നാണ് അടുത്ത ദിവസം പഴയസെമിനാരിയിൽ വന്ന് ഈ വിവരങ്ങൾ ഞാൻ തിരുമേനിയോട് പറഞ്ഞത്.

അപ്പോൾ തിരുമേനി എന്നോട് പറഞ്ഞത് “ഞാൻ മുഖ്യമന്ത്രിയെ കളിയാക്കുകയായിരുന്നു” എന്നാണല്ലോ. ഇതല്ലേ തിരുമേനീ നടന്ന യഥാർത്ഥ സംഗതികൾ. തിരുമേനി പറയുന്നത് എന്നെപ്പോലെയുള്ളവർ വിശ്വസിക്കണമെന്നാണോ തിരുമേനി ആഗ്രഹിക്കുന്നത്. നമ്മളെപ്പോലുള്ള പുരോഹിതന്മാർക്ക് ഇത് ഹിതകരമാണോ?

മറ്റുള്ളവരെ കുറ്റം പറയുന്ന തിരുമേനിയുടെ രീതി കാണുമ്പോൾ ഇങ്ങനെയൊക്കെ പറയേണ്ടി വന്നതിൽ ഖേദിക്കുന്നു. തിരുമേനി ഉമ്മൻചാണ്ടിയെയും മനോരമയെയും കുറ്റം പറയുന്നു. തിരുമേനിക്ക് അതിനെന്തു അവകാശമാണുള്ളത്?

പാത്രിയർക്കീസ് കക്ഷിയിൽ നിന്നുകൊണ്ട് കേസ് നടത്തിയ തിരുമേനി അന്നു കേസ് തോറ്റപ്പോൾ പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുന്നു. അന്ന് വിദേശത്തു ചില പള്ളികളിൽ വച്ച് തിരുമേനി പറഞ്ഞത്, പാത്രിയർക്കീസ് വിഭാഗം കേസിൽ ഉള്ള പത്തിൽ എട്ടു കാര്യത്തിലും ജയിച്ചു എന്നാണ്. എന്നാൽ പത്തിൽ എട്ടും തോറ്റ മലങ്കരസഭയുടെ ഭരണഘടന തിരുമേനി സ്വീകരിച്ചു. അഭിപ്രായം പറയാനും തിരുത്താനും തിരുമേനിക്കറിയാം.

നമ്മുടെ സഭയുടെ ഭരണഘടന സ്വീകരിച്ചു വന്നപ്പോൾ തിരുമേനിയുടെ കൂടെ എത്ര പേരുണ്ടായിരുന്നു? തിരുമേനിക്ക് പത്തു ശതമാനം പേരെയെങ്കിലും കൊണ്ടുവരാൻ കഴിഞ്ഞോ? ഇതൊക്കെ തിരുമേനി എന്നെക്കൊണ്ടു പറയിക്കുന്നതിൽ വിഷമം തോന്നുന്നു.

ഉമ്മൻചാണ്ടിയും മനോരമയും സഭയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങൾ വേണമെങ്കിൽ അക്കമിട്ട് നിരത്താം. നൂറുകണക്കിന് കാര്യങ്ങളുണ്ട്. നമ്മുടെ സഭയിൽ പല രാഷ്ട്രീയ നേതാക്കന്മാരും ഉണ്ടായിരുന്നല്ലോ. അവരൊക്കെ സഭയ്ക്കു വേണ്ടി എന്തു ചെയ്തു? ഉമ്മൻചാണ്ടി സഭയ്ക്കു വേണ്ടി എത്രയോ സ്ഥാപനങ്ങൾ അനുവദിച്ചുതരാൻ ശ്രമിച്ചിരിക്കുന്നു. പാമ്പാടിയിൽ ചെയ്തതു ഞാൻ അക്കമിട്ട് പറയാം. കെ. ജി. കോളജ്, ഐ. റ്റി. സി., ഇംഗ്ലീഷ്മീഡിയം സ്കൂൾ, ദയറായിലേക്കുള്ള റോഡുകൾ, അഭയഭവനും ബാലഭവനുമുള്ള ഗ്രാന്റ് എന്നിങ്ങനെ പല കാര്യങ്ങളുണ്ട്.

ഉമ്മൻചാണ്ടിക്കെതിരെയുള്ള തിരുമേനിയുടെ നീക്കങ്ങൾ ആസൂത്രിതമായിട്ടുള്ളതാണെന്ന് എനിക്കു തോന്നുന്നു. തിരുമേനി ആരുടെയെങ്കിലും ഏജന്റായി പ്രവർത്തിക്കയാണോ? തിരുമേനിക്ക് വേറെ ലക്ഷ്യം ഉള്ളപോലെ. ഉമ്മൻചാണ്ടിയുടെ പുതുപ്പള്ളിയിലെ വീട്ടിൽ സത്യാഗ്രഹം നടത്തുന്നതിന് തിരുമേനി ശ്രമിച്ചു. അതു ശരിയല്ലെന്ന് ഞാൻ പറഞ്ഞതുകൊണ്ടാണല്ലോ എന്നെയും തിരുമേനി അവഗണിക്കാൻ തുടങ്ങിയത്. ഇത് വളരെ കഷ്ടം തന്നെ.

എറണാകുളം യോഗത്തിൽ വച്ച് കൈയടി കിട്ടാൻ വേണ്ടി ഉമ്മൻചാണ്ടിയെയും മനോരമയേയും തിരുമേനി ചീത്ത വിളിച്ചു.

അതിനുശേഷമുള്ള തിരുമേനിയുടെ എല്ലാ പ്രവർത്തനങ്ങളും ആ വഴിക്കു തന്നെയായിരുന്നു. അതെല്ലാം സഭയ്ക്കും ഞങ്ങൾക്കും നാണക്കേടുണ്ടാക്കി. നമ്മുടെ സഭയുടെ പ്രശ്നങ്ങൾക്ക് യഥാർത്ഥ കാരണം ഉമ്മൻചാണ്ടിയും മനോരമയുമാണോ? നേതൃത്വത്തിൽ കെടുകാര്യസ്ഥതയും നിങ്ങളെപ്പോലെയുള്ളവരുടെ മോശമായ പ്രവർത്തനശൈലിയും ഒക്കെയല്ലേ ഇതിനെല്ലാം കാരണം.

തിരുമേനി പുരോഗമനവാദിയാകുന്നതിൽ ഞങ്ങൾക്കു സന്തോഷമേയുള്ളൂ. എന്നാൽ സാധാരണ രാഷ്ട്രീയക്കാരനെപ്പോലെ പക്ഷം പിടിക്കുന്നതു തിരുമേനിക്ക് ഒട്ടും യോഗ്യമല്ല.

മലയാളമനോരമ, സഭയ്ക്ക് ചെയ്തിട്ടുള്ള കാര്യങ്ങൾ അവർ ഒരിടത്തും വിളിച്ചു പറയാറില്ല. എന്നാൽ അവർ പറഞ്ഞില്ലെങ്കിലും അതേപ്പറ്റി ഞാൻ കുറച്ചൊക്കെ കേട്ടിട്ടുണ്ട്. പണ്ട് പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലമായി കോടതിവിധി വന്നപ്പോൾ, അവർ സെമിനാരി പിടിച്ചടക്കി കുറിച്ചി ബാവായെ ഇറക്കിവിടാൻ ശ്രമിച്ചു. ആ സമയത്ത് മലയാള മനോരമ പത്രാധിപർ കെ. സി. മാമ്മൻമാപ്പിളയുടെ നേതൃത്വത്തിൽ പണം പിരിച്ച് ദേവലോകം വാങ്ങി സഭയ്ക്ക് കൊടുക്കുകയായിരുന്നു. ആ ദേവലോകത്തിരുന്നുകൊണ്ടാണ് ഇപ്പോൾ തിരുമേനി മനോരമയെ ചീത്ത വിളിക്കുന്നത്. നമ്മൾ ഓർത്തഡോക്സുകാർ അങ്ങനെതന്നെ ചെയ്യണം.

തിരുമേനി അമേരിക്കയിലായിരുന്നപ്പോൾ ദീവന്നാസ്യോസ് തിരുമേനി തൃശൂരെ അരമന കൈയേറാൻ ശ്രമം നടത്തിയ കാര്യം ഓർക്കുന്നുണ്ടല്ലോ. ഞാൻ ഉമ്മൻചാണ്ടിയെ വിളിച്ച് കാര്യത്തിന്റെ ഗൗരവം അറിയിച്ചു. പിന്നെ ഞാനും കൂടി അരമനയിലേക്കു പോയി. പോലീസുകാരെത്തി പ്രശ്നങ്ങളെല്ലാം പരിഹരിക്കുകയും ചെയ്തു. ദീവന്നാസ്യോസ് തിരുമേനി കോതമംഗലത്തിനു തിരിച്ചുപോവുകയും ചെയ്തു.

ഇങ്ങനെയൊക്കെ സഹകരിച്ച എന്നെ ഇത്തവണ കോലഞ്ചേരിയിൽ വച്ചു കണ്ടപ്പോൾ തിരുമേനി കാണാത്ത ഭാവം നടിച്ചു. തിരുമേനിയുടെ ആത്മാർത്ഥതയിൽ എനിക്കു സംശയം തോന്നുന്നു.

നമ്മൾ തിരുത്തേണ്ട ഒട്ടേറെ നയങ്ങളുണ്ട്. മണർകാട് സംഭവം ഒരു ഉദാഹരണം മാത്രം. ഓർത്തഡോക്സ് വിശ്വാസികളുടെ പൂർണ പിന്തുണ ഇല്ലാതെ മറ്റു പള്ളികളിൽ ഉടനെ കയറേണ്ട കാര്യമുണ്ടോ? അതു ശരിയാണോ? മണർകാടുപള്ളിയിൽ പോകരുതെന്ന് ഞാൻ നിർബന്ധം പിടിച്ചതാണല്ലോ. അതുമൂലം എന്നെ കരിങ്കാലിയായി ചിത്രീകരിച്ചു. അവസാനം എന്തു സംഭവിച്ചു?

നമ്മുടെ നിലപാടുകൾ ശരിയല്ലെങ്കിൽ അത് ചൂണ്ടിക്കാട്ടുന്നത് തെറ്റാണോ? നമ്മുടെ സഭയ്ക്ക് ഒരു ആഭ്യന്തര അച്ചടക്കമുണ്ട്. തിരുമേനിമാർ അതനുസരിച്ച് പ്രവർത്തിക്കണം. ജനങ്ങളുടെ ബഹുമാനം അവർ പിടിച്ചു പറ്റണം. രാഷ്ട്രീയ പ്രവർത്തകർ സംസാരിക്കുന്ന രീതിയിൽ അവർ പെരുമാറുന്നത് ശരിയല്ല. ഉമ്മൻ ചാണ്ടിയോട് രാഷ്ട്രീയ എതിർപ്പുണ്ടെങ്കിൽ അത് സഭയുമായി ബന്ധപ്പെടുത്തേണ്ട കാര്യമുണ്ടോ? ഏതെങ്കിലും പാർട്ടിയുടെ രാഷ്ട്രീയ അജണ്ട നടപ്പാക്കാമെന്ന് തിരുമേനി വിചാരിക്കുന്നുണ്ടോ?

കൈയടി കിട്ടാൻ വേണ്ടി ചീത്തയും പറഞ്ഞു നടന്നാൽ എന്തു ഗുണം കിട്ടും? മലർന്നു കിടന്നു തുപ്പുന്നതിനു തുല്യമാണത്. നാം ഓരോരുത്തരും വിളിച്ചിരിക്കുന്ന വിളിയനുസരിച്ച് ജീവിക്കണം. അതല്ലേ നല്ലത്?

യോനാ പ്രവാചകനെപ്പറ്റി ഒരു ചരിത്രകാരൻ എഴുതിയ കഥ എനിക്കോർമ്മ വരുന്നു. കപ്പൽ ജോലിക്കാർ യോനായെ കടലിലേക്ക് എറിഞ്ഞപ്പോൾ പ്രവാചകൻ ചെന്നുവീണത് തിമിംഗലത്തിന്റെ വായിലേക്കായിരുന്നു. അദ്ധ്വാനം കൂടാതെ ഇരയെ കിട്ടിയെങ്കിലും തിമിംഗലത്തിനു മൂന്നു രാവും പകലും കലശലായ വയറുവേദനയായിരുന്നു. സഹികെട്ടപ്പോൾ തിമിംഗലം പ്രവാചകനെ കടൽത്തീരത്തു ഛർദ്ദിച്ചു വച്ചു.

പ്രവാചകനെ ഛർദ്ദിച്ചയുടനെ തിമിംഗലത്തിന്റെ വയറുവേദന മാറി. അപ്പോൾ തിമിംഗലം പ്രവാചകനോട് പറഞ്ഞു: “അങ്ങയെ വിഴുങ്ങാനിടയായത് എന്റെ കാലക്കേട് എന്നല്ലാതെ എന്തു പറയാനാണ്?”

അപ്പോൾ പ്രവാചകൻ പറഞ്ഞു: “നീ ആവശ്യമില്ലാതെ വായ് തുറന്നതല്ലേ ഇതിനെല്ലാം കാരണം? ഇനിയെങ്കിലും ആവശ്യമുള്ളപ്പോൾ മാത്രം വായ് തുറക്കാൻ പഠിക്കൂ.”

യോനാ പ്രവാചകൻ നല്കിയ ഈ ഉപദേശം തിമിംഗലത്തേക്കാൾ ഏറെ ആവശ്യമായിരിക്കുന്നത് നമ്മളിൽ പലർക്കുമാണ്.

തിരുമേനി ചിന്തിക്കുന്നതിനു വേണ്ടിയാണ് ഇത്രയും കാര്യങ്ങൾ തുറന്നെഴുതിയത്.

സ്നേഹാദരങ്ങളോടെ

**പി. സി. യോഹന്നാൻ റമ്പാൻ**

കോപ്പി: മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്.




രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ
ഇന്റർനെറ്റ് എഡീഷൻ പരതിയിട്ടും
മലങ്കരസഭാ വാർത്തകളൊന്നും കണ്ടില്ലേ?
നിരാശപ്പെടേണ്ട.
നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ?
മലങ്കര ഓർത്തഡോക്സ് ടി. വി.

നിങ്ങൾക്ക് ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെങ്കിൽ മലങ്കര ഓർത്തഡോക്സ് ടി. വി. നിങ്ങൾക്ക് ശരിയായി പ്രയോജനപ്പെടുത്താൻ സാധിക്കും

നിങ്ങളുടെ രചനകൾ (ലേഖനങ്ങളോ, കവിതകളോ, പുസ്തകമോ) ഓൺലൈനിൽ പ്രസിദ്ധീകരിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ
എം. ടി. വി. അതിന് അവസരമൊരുക്കുന്നു.
joicethottackad@yahoo.com
എന്ന വിലാസത്തിൽ ബന്ധപ്പെടുക

# മലങ്കര ഓർത്തഡോക്സ് ടിവി

സന്ദർശിച്ചുകൊണ്ടിരിക്കുക

www.malankaraorthodox.tv/